**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 395** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ബേപ്പൂർ കയർ ഫാക്ടറിയുടെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ കയർ ഫാക്ടറിയുടെ പ്രവർത്തനം ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കയർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബേപ്പൂർ കയർ ഫാക്ടറിയിൽ നിലവിൽ 8 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ പ്രവർത്തിപ്പിച്ച് കയർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ ബേപ്പൂർ കയർ ഫാക്ടറിയുടെ പ്രവർത്തനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഫുള്ളി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തു വരുന്നു.

**(ബി)** ചകിരിച്ചോറിന്റേയും ജൈവവളത്തിന്റേയും വർദ്ധിച്ചു വരുന്ന ആവശ്യം പരിഗണിച്ച് കയർ ഉത്പാദനത്തോടൊപ്പം ഡിഫൈബറിംഗ് യൂണിറ്റ് കൂടി പ്രവർത്തന സജ്ജമാക്കുമോ;

**<u>മറുപടി:</u>** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ ഡീഫൈബറിംഗ് യൂണിറ്റ് മുൻകാലങ്ങളിൽ പ്രവർത്തിപ്പിച്ചിരുന്നു. എന്നാൽ മെഷിനുകളുടെ പ്രവർത്തനക്ഷമത കുറവായതിനാലും തൊണ്ടുകളുടെ ലഭ്യത കുറവായതിനാലും ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് പ്രായോഗികമല്ല.

**(സി)** കയർ ഉത്പാദനം കൂട്ടുവാൻ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുമോ?

**<u>മറുപടി:</u>** കയർ ഉത്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ വിവിധ കയർ സംഘങ്ങളിൽ 1502 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 201 ഡീഫൈബറിംഗ് മെഷിനുകളും സ്ഥാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**